**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 7** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരളത്തിലെ വൻകിട പദ്ധതികളുടെ പുരോഗതി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കെ. യു. ജനീഷ് കുമാർ | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. വി. ജോയി | (മുഖ്യമന്ത്രി) |
| ശ്രീ. സി. കെ. ഹരീന്ദ്രൻ | |
| ശ്രീ. ജി. സ്റ്റീഫൻ | |

**(എ)** സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വൻകിട പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വൻകിട പദ്ധതികളുടെ പുരോഗതി സർക്കാർ വിലയിരുത്തിവരുന്നു.

**(ബി)** വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട അനുബന്ധ പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്കായി മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി വന്നതും പുതുതായി വിഭാവനം ചെയ്തിട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ആരംഭിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്. വിഴിഞ്ഞം ട്രാൻസ്ഷിപ്മെന്റ് ടെർമിനലിനെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ഗതാഗത ബന്ധം മെച്ചപ്പെടുത്തുന്നതിനുമായി ബാലരാമപുരം - വിഴിഞ്ഞം ഭൂഗർഭ റയിൽ, വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് എന്നീ പദ്ധതികൾക്കായുള്ള സ്ഥലമേറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും വേഗത്തിൽ നടപ്പിലാക്കുന്നതാണ്. വിഴിഞ്ഞം കൊച്ചി തുറമുഖങ്ങൾക്ക് ചുറ്റും നിർമ്മാണ മേഖലകൾ, സ്റ്റഫിംഗ് സെന്ററുകൾ, ഡ്രൈപോർട്ട് എന്നിവ ആരംഭിക്കും. ആഗോള ഷിപ്പിംഗ് വ്യവസായം ഹരിത ഇന്ധനങ്ങളിലേക്ക് മാറിയ അവസരം പ്രയോജനപ്പെടുത്തി ഗ്രീൻ ബങ്കറിംഗ് സേവനം നൽകുന്ന ഇൻഡ്യയിലെ ആദ്യ തുറമുഖമായി വിഴിഞ്ഞത്തെ ഉയർത്തുന്നതാണ്. മദർഷിപ്പ് നിർമ്മാണം അവയുടെ അറ്റകുറ്റപ്പണി എന്നിവ ലക്ഷ്യമാക്കി കപ്പൽ നിർമ്മാണ കേന്ദ്രം സ്ഥാപിക്കും. ഇതിനായി ആവശ്യമായ സ്ഥലം ഏറ്റെടുത്ത് അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കും. ഇത്തരത്തിലുണ്ടാകുന്ന തൊഴിലവസരങ്ങളിൽ തീരപ്രദേശത്ത് ജീവിക്കുന്ന സാധാരണക്കാർക്ക് സംവരണം നൽകുന്നതാണ്. സംസ്ഥാനത്തെ നിർണ്ണായകമായ നാല് പ്രധാന നോൺ മേജർ തുറമുഖങ്ങളായ വിഴിഞ്ഞം- കോവളം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവയുടെ വികസനത്തിനായും കടൽവഴിയുള്ള ചരക്ക് ഗതാഗതത്തിനും മറ്റ് തുറമുഖ അധിഷ്ഠിത വ്യവസായങ്ങൾക്കും ലോജിസ്റ്റിക്സ്, കപ്പൽ അനുബന്ധ പ്രവർത്തനങ്ങൾക്കും മറ്റ് 13 നോൺമേജർ തുറമുഖങ്ങളിലെ തുറമുഖ ഭൂമികൾ, കെട്ടിടങ്ങൾ, മറ്റ്

ആസ്തികൾ പ്രയോജനപ്പെടുത്തി സ്വകാര്യ പങ്കാളിത്തത്തോടെ മാരിടൈം ടൂറിസം, ലോജിസ്റ്റിക്സ്, മാരിടൈം വ്യവസായം മാരിടൈം നിയമവിദ്യാഭ്യാസം, മാരിടൈം മ്യൂസിയം എന്നിവ ഉൾപ്പെടുന്ന കേരള മാരിടൈം പോളിസി രൂപീകരിക്കുന്നതാണ്.

**(സി)** പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാര്യക്ഷമമായി ഇടപെടൽ നടത്തുമോ; വ്യക്തമാക്കാമോ?

**മറുപടി:** പ്രസ്തുത പദ്ധതികൾ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിനായി സർക്കാർ ഫലപ്രദമായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**